**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4987** **20-03-2025 - ൽ മറുപടിയ്ക്ക്**

**പരീക്ഷ നടത്തിപ്പ് കുറ്റമറ്റതാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എസ്.എസ്.എൽ.സി., പ്ലസ് ടു പൊതുപരീക്ഷകളുടെ നടത്തിപ്പിന്റെ വിവിധ ഘട്ടങ്ങളിൽ ചോദ്യ പേപ്പർ സൂക്ഷിക്കുന്ന രീതി വിശദമാക്കാമോ; | (എ) | (എ) എസ്.എസ്.എൽ.സി പൊതുപരീക്ഷയുടെ ചോദ്യപേപ്പർ തയ്യാറാക്കുന്നതിലേയ്ക്കായി എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ പാനലിൽ നിന്നും തെരഞ്ഞെടുത്ത അദ്ധ്യാപകർ 4 സെറ്റ് ചോദ്യപേപ്പർ വീതം തയ്യാറാക്കി സീൽ ചെയ്ത് കവറുകളിലാക്കി ഒപ്പിട്ട് നൽകുമ്പോൾ പരീക്ഷാ കമ്മീഷണർക്കുവേണ്ടി പരീക്ഷാ സെക്രട്ടറി അവ കൈപ്പറ്റുകയും ചെയ്യുന്നു, ഈ 4 സെറ്റ് ചോദ്യപേപ്പറിൽ നിന്നും ഒരെണ്ണം വീതം പരീക്ഷാ കമ്മീഷണർ കോൺഫിഡൻഷ്യൽ പ്രിന്റർക്ക് അയക്കുന്നു. സൂക്ഷ്മതയോടെയും രഹസ്യവുമായി പ്രിന്റ് ചെയ്ത് അതീവ സുരക്ഷാ രീതിയിലുള്ള പാക്കറ്റുകളിലാക്കി ചോദ്യപേപ്പറുകൾ കവചിത വാഹനത്തിൽ വാളയാർ ചെക്ക് പോസ്റ്റിൽ എത്തുന്നത് 41 ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലും പോലീസ് കാവലിൽ എത്തിക്കുന്നു. ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ പോലീസ് കാവലിൽ സൂക്ഷിക്കുന്ന ചോദ്യപേപ്പറുകൾ വിഷയാടിസ്ഥാനത്തിൽ പരീക്ഷാ കേന്ദ്രങ്ങളിലെ സൂപ്രണ്ടിന്റെയും ഡെപ്യൂട്ടി സൂപ്രണ്ടിന്റെയും സാന്നിദ്ധ്യത്തിൽ തരംതിരിച്ച് ട്രഷറി/ ബാങ്കുകളിൽ സൂക്ഷിക്കുന്നു. പരീക്ഷാ ദിവസം രാവിലെ പോലീസ് കാവലിൽ അതാത് ദിവസത്തെ ചോദ്യപേപ്പറുകൾ ട്രഷറി/ ബാങ്കുകളിൽ നിന്നും പരീക്ഷാ കേന്ദ്രങ്ങളിൽ എത്തിക്കുന്നു. പരീക്ഷാ കേന്ദ്രങ്ങളിൽ എത്തിക്കുന്ന ചോദ്യപേപ്പറുകൾ ചീഫ് സൂപ്രണ്ട് / ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട് ആ കേന്ദ്രത്തിലെ ചോദ്യപേപ്പർ ബണ്ടിലാണെന്ന് ഉറപ്പ് വരുത്തിയതിനുശേഷം ഇരട്ട താഴിട്ട് പൂട്ടി ലോക്കറിൽ സൂക്ഷിക്കുന്നു. പരീക്ഷാ ആരംഭിക്കുന്നതിന് അര മണിക്കൂർ മുമ്പ് ചോദ്യപേപ്പറുകൾ ലോക്കറിൽ നിന്നും പുറത്തെടുത്ത് സൂക്ഷ്മതയോടെ പരീക്ഷാ ഹാളുകളിൽ എത്തിക്കുന്നു. |

| | | | |
|---|---|---|---|
| | | | പരീക്ഷാ കേന്ദ്രങ്ങളിലെത്തിക്കുന്ന ഹയർസെക്കന്ററി പരീക്ഷയുടെ ചോദ്യപേപ്പറുകൾ ചീഫ് സൂപ്രണ്ട്, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടുമാർ എന്നിവരുടെ ഉത്തരവാദിത്തത്തിൽ CCTV നിരീക്ഷണത്തിൽ ഇരട്ട പൂട്ടുള്ള അലമാരയിൽ സൂക്ഷിക്കുകയും, രാത്രികാലങ്ങളിൽ ചോദ്യപേപ്പർ സുരക്ഷയ്ക്കായി എല്ലാ പരീക്ഷാ കേന്ദ്രങ്ങളിലും നൈറ്റ് വാച്ച്മാന്റെ സേവനം ഉറപ്പുവരുത്തുന്നതുമാണ്. കൂടാതെ സംസ്ഥാന പോലീസ് മേധാവി മുഖേന ചോദ്യപേപ്പർ സുരക്ഷയ്ക്കായി പ്രത്യേക പോലീസ് നിരീക്ഷണം ഏർപ്പെടുത്തിയിട്ടുമുണ്ട്. |
| (ബി) | അർദ്ധവാർഷിക പരീക്ഷയുടെ ചോദ്യ പേപ്പർ ഹയർ സെക്കൻഡറി സ്കൂളിലെ പ്യൂണിന്റെ സഹായത്തോടെയാണ് ചോർന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) | (ബി)<br><br>അർദ്ധ വാർഷിക പരീക്ഷ ചോദ്യ പേപ്പർ ചോർന്നത് സംബന്ധിച്ച്, പോലീസ് ക്രൈം ബ്രാഞ്ച് അന്വേഷണവും, പൊതുവിദ്യാഭ്യാസ ഡയറക്ടർ നിയോഗിച്ച അന്വേഷണ കമ്മീഷന്റെ നേതൃത്വത്തിലുള്ള അന്വേഷണവും നടന്നുവരുന്നു. |
| (സി) | എങ്കിൽ ഇത് പരീക്ഷാ സംവിധാനങ്ങളുടെ കാര്യക്ഷമതയെ ചോദ്യം ചെയ്യുന്നതാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | സി)<br><br>അർദ്ധ വാർഷിക പരീക്ഷ ചോദ്യ പേപ്പർ ചോർന്നത് സംബന്ധിച്ച്, പോലീസ് ക്രൈം ബ്രാഞ്ച് അന്വേഷണവും, പൊതുവിദ്യാഭ്യാസ ഡയറക്ടർ നിയോഗിച്ച അന്വേഷണ കമ്മീഷന്റെ നേതൃത്വത്തിലുള്ള അന്വേഷണവും നടന്നുവരുന്നു. |
| (ഡി) | പരീക്ഷ നടത്തിപ്പ് കാര്യക്ഷമവും കുറ്റമറ്റതുമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | (ഡി) പരീക്ഷ നടത്തിപ്പ് കാര്യക്ഷമതയോടെയും കുറ്റമറ്റരീതിയിലും നടത്തുന്നതിനുവേണ്ട നിർദ്ദേശങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ എല്ലാ പരീക്ഷാ കേന്ദ്രങ്ങളിലെയും സൂപ്രണ്ടുമാർക്കും ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടുമാർക്കും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നൽകിയിട്ടുണ്ട്. പൊതുപരീക്ഷ കുറ്റമറ്റ രീതിയിലും ക്രമക്കേടുകളില്ലാതെയും നടത്തുന്നതിനുവേണ്ടി പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലും പരീക്ഷാ കമ്മീഷണറുടെയും പരീക്ഷാ സെക്രട്ടറിയുടെയും നേതൃത്ത്വത്തിലും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും നേതൃത്ത്വത്തിലും സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്.<br><br>2025 ലെ ഒന്നും രണ്ടും വർഷ ഹയർസെക്കന്ററി പരീക്ഷകൾക്കായി 2000 പരീക്ഷ കേന്ദ്രങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. 2000 പരീക്ഷ കേന്ദ്രങ്ങളിൽ കേരളത്തിൽ നിന്നുള്ള പരീക്ഷ കേന്ദ്രങ്ങൾ -1981, ഗൾഫ് പരീക്ഷ കേന്ദ്രങ്ങൾ - 8, ലക്ഷദ്വീപ് പരീക്ഷ കേന്ദ്രങ്ങൾ 9, മാഹി പരീക്ഷ കേന്ദ്രങ്ങൾ 2. എല്ലാ പരീക്ഷ കേന്ദ്രങ്ങളിലും ചീഫ് സൂപ്രണ്ടുമാരെയും ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടുമാരെയും |

| | | | |
|---|---|---|---|
| | | | ഇൻവിജിലേറ്റർമാരെയും നിയമിച്ചിട്ടുണ്ട്. എല്ലാ പരീക്ഷ കേന്ദ്രങ്ങളിലും ചോദ്യപേപ്പറുകളും ഉത്തരക്കടലാസുകളും എത്തിക്കുകയും ചോദ്യപേപ്പർ സുരക്ഷയ്ക്കായി എല്ലാ പരീക്ഷ കേന്ദ്രങ്ങളിലും നൈറ്റ് വാച്ച്മാനെയും നിയമിച്ചിട്ടുണ്ട്.<br><br>ഹയർസെക്കന്ററി പരീക്ഷയുടെ ഉത്തരക്കടലാസ്സ് മൂല്യനിർണ്ണയം നടത്താനായി 89 ക്യാമ്പുകൾ (സിംഗിൾ വാലേഷൻ ക്യാമ്പ്-63, ഡബിൾ വാലേഷൻ ക്യാമ്പ് -26) സജ്ജീകരിച്ചിട്ടുണ്ട്. ഹയർസെക്കന്ററി പരീക്ഷയുടെ ഉത്തരക്കടലാസ്സ് മൂല്യനിർണ്ണയം 2025 ഏപ്രിൽ 03 മുതൽ ആരംഭിക്കുന്നതാണ്. പരീക്ഷയുടെ മേൽനോട്ടത്തിനായി എല്ലാ ജില്ലകളിലും ഒബ്സർവർമാരെയും സ്ക്വാഡ് ഡ്യൂട്ടിക്കായി പ്രിൻസിപ്പൽമാരെയും നിയമിച്ചിട്ടുണ്ട്. ഇതുകൂടാതെ സർക്കാർ തലത്തിൽ നിന്നും സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ